പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 5897 | 28/03/2018 ൽ മറുപടി<br>നല്കേണ്ടത്. |

## മെന്റൽ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തെ മെന്റൽ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായിട്ടുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) | തിരുവനന്തപുരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി അതിന്റെ പേര് മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ എന്നാക്കി പുനഃനാമകരണം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്. |
| ബി) | മാനസിക ദൗർബല്യത്തിൽ നിന്നും മുക്തരാകുന്നവരെ സമൂഹം അംഗീകരിക്കാത്തസ്ഥിതി വിശേഷമുണ്ടോ; | ബി) | ഉണ്ട്. മാനസിക രോഗത്തിന് ചികിത്സയെടുത്ത് രോഗം ഭേദമായാലും അത് അംഗീകരിക്കുവാനും സാധാരണ വ്യക്തികളെപ്പോലെ കണക്കാക്കി ആത്മാഭിമാനത്തോടെ ജീവിക്കുന്നതിനും സമൂഹത്തിന്റെ കാഴ്ചപ്പാട് തടസ്സമാക്കുന്ന സാഹചര്യം ഇന്നും നിലനിൽക്കുന്നു. ഒരിക്കൽ മാനസികരോഗിയായാൽ എല്ലാ കാലത്തേക്കും മാനസിക രോഗി എന്ന് മിക്കപേരും ചിന്തിക്കുന്നു. മാനസികരോഗങ്ങൾ മറ്റ് ഏതൊരു ശാരീരിക രോഗത്തെയും പോലെയാണ്, ശരിയായ രോഗനിർണ്ണയം കൃത്യസമയത്ത് നടത്തി ആധുനിക ചികിത്സ നൽകുക വഴി വ്യക്തികൾക്ക് എല്ലാത്തരം കഴിവുകളും വീണ്ടെടുക്കുന്നതിനും സാധാരണ ജീവിതം തുടരുന്നതിനും കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| സി) | മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സയ്ക്ക് ശേഷം സുഖം പ്രാപിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | സി) | മാനസികാരോഗ്യകേന്ദ്രത്തിൽ നിന്നും ചികിത്സയ്ക്ക് ശേഷം സുഖം പ്രാപിച്ച സ്ത്രീകൾക്കും പുരുഷന്മാർക്കും സാമൂഹ്യനീതിവകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം ആശാഭവനങ്ങൾ പ്രവൃത്തിക്കുന്നു. കൂടാതെ ചെന്നൈ ആസ്ഥാനമായി പ്രവൃത്തിക്കുന്ന "ദി ബാനിയൻ" എന്ന പ്രശസ്തമായ സർക്കാർ ഇതര സംഘടനയുമായി സഹകരിച്ചുകൊണ്ട് ഹോം എഗയിൻ എന്ന ആശയം സ്വീകരിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പ്രത്യേകം സജ്ജമാക്കിയ വീടുകളിലേക്ക് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സുഖം പ്രാപിച്ച അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ' സ്നേഹക്കൂട് ' പദ്ധതി ബഹു. മുഖ്യമന്ത്രി 12/03/2018 ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ